# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2572** **06.12.2018-ൽ മറുപടിക്ക്**

ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് 33 കെ.വി സബ്സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബിയുടെ 33 കെ.വി സബ്സ്റ്റേഷൻ തുടങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രീകൃഷ്ണപുരം കോങ്ങാട് 33 കെ.വി ലൈനിൽ നിന്ന് പുതിയതായി ഏകദേശം ഒന്നര കിലോമീറ്റർ ദൂരത്തിൽ 33 കെ.വി ലൈൻ വലിച്ച്, രണ്ട് 11 കെ.വി ഫീഡറുകളോടുകൂടി, 3.15 എം.വി.എ കപ്പാസിറ്റിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച്, ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലുൾപ്പെടുന്ന കടമ്പഴിപ്പുറത്ത്, പുതിയതായി ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 04.07.2016-ൽ ഭരണാനുമതി ആയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഏകദേശം 150 ലക്ഷം രൂപ ചെലവുപ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്തെ 33 കെ.വി സബ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള തീരുമാനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എന്നേയ്ക്ക് ഇത് ഉദ്ഘാടനം ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 18 സെന്റ് സ്ഥലം അനുയോജ്യമായി കണ്ടെത്തുകയും സ്ഥലം കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Kemalatha

സെക്ഷൻ ഓഫീസർ